(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഗ്രാമീണ സ്കൂളുകളിലേക്കും ശുദ്ധജലമെത്തിക്കുന്നതിന് കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

നദികളിൽ നിന്നുള്ള മണൽവാരൽ മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

35 [2751] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിൽ നിന്നുള്ള അനിയന്ത്രിതമായ മണൽ വാരൽ മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മണലിനു പകരം ഉപയോഗിക്കാവുന്ന വസ്തുകളുടെ ഉപയോഗത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അവശ്യം വേണ്ട മണലും ഇപ്പോൾ വിവിധ നദികളിൽ നിന്ന് ലഭ്യമാകുന്ന മണലും തമ്മിലുള്ള വ്യത്യാസം എത്രയെന്ന് കണക്കാക്കുന്ന എന്തെങ്കിലും ശാസ്ത്രീയ പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

മണൽ വാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

36 [2752] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, ബിനോയ് വിശ്വം :
,, എൻ. രാജൻ :
,, എം. കുമാരൻ :
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിൽ നിന്ന് അനിയന്ത്രിതമായി മണൽ വാരുന്നതു കാരണം പുഴകളുടെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുന്നതായും, പുഴകളുടെ ഗതി മാറി പോകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണൽ വാരുന്നതുമൂലം പുഴകളുടെ സൈഡ് തകരുന്നതും കരഭൂമി പുഴയെടുത്തുകൊണ്ടു പോകുന്നതും, പുഴ കവിഞ്ഞൊഴുകുന്നതുമൂലം വന്നിട്ടുള്ള നാശ നഷ്ടങ്ങളുണ്ടാകുന്നതായി പഠനങ്ങളിൽ വ്യക്തമായിട്ടുണ്ടോ;

(സി) പുഴകളുടെ സംരക്ഷണത്തിനായി ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിവർ മാനേജ്മെന്റ് ഫണ്ട് വകയായി എത്ര കോടി രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്;

(ഇ) നദികളും പുഴകളും സംരക്ഷിക്കുന്നതിനായി ജനങ്ങളിൽ പുതിയൊരവ ബോധം ഉണ്ടാക്കുന്നതിനായി ബോധവൽക്കരണ ക്യാംപയിൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പുഴകളുടെ സംരക്ഷണത്തിനായി പുഴകളുടെ തീരങ്ങളിൽ കണ്ടൽ ചെടികളും, കല്ലൻമുളകളും വെച്ചു പിടിപ്പിക്കുക. കൂടുതലായി ഇടിഞ്ഞുപോകുന്ന ഭാഗങ്ങളിൽ സംരക്ഷണഭിത്തികൾ കെട്ടുക, തടയണകൾ നിർമ്മിക്കുക മുതലായ പ്രവൃത്തികൾ ചെയ്തു വരുന്നു.

(ഡി) 40.83 കോടി രൂപ.

(ഇ) സ്വീകരിക്കുന്നതാണ്.

ഷിറിയ, ഉപ്പള നദികളെ പുനരുജ്ജീവിപ്പിക്കാൻ നടപടി

37 [2753] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, എം. പി. ഗംഗാധരൻ :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, ടി. യു. രാധാകൃഷ്ണൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടകത്തിൽ നിന്നുൽഭവിച്ച് കേരളത്തിലൂടെ ഒഴുകിവരുന്ന ഷിറിയ, ഉപ്പള എന്നീ നദികളിൽ ഇപ്പോൾ നീരൊഴുക്കുണ്ടോ;

(ബി) ഈ നദികൾ നശിച്ച നിലയിലായോ;

(സി) എങ്കിൽ ഇവ നശിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ നദികളെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ;

(ഇ) എങ്കിൽ ഇവയെ പുനരുജ്ജീവിപ്പിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly